(c) when was Shri. K. M. Mohamed, Additional Packer, Khadi Godown, Shoranur removed ; and

(d) has he been paid his security and other amounts due; if not why ?

*Minister for Industries* (**Shri K. A. Damodara Menon**) :

(a) Five.

(b) These persons were holding security posts and th amounts due to them can be paid only after their liabilities are settled

(c) With effect from 8-3-1963.

(d) The amounts due to him will be paid as soon as his liabilitie are settled.

വെൽഫെയർ സ്റ്റുളകം പരിശോധിക്കുന്നതിനുള്ള പ്രത്യേക നിർദ്ദേശം

* 723. [31] ശ്രീ. പി. സി. ആദിച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓരോ താലൂക്കു് വെൽഫെയർ ഇൻസ്പെക്ടർമാരും അവരുടെ അധികാരാതിർത്തിയിലുള്ള വെൽഫെയർ സ്റ്റുളകം പരിശോധിക്കുന്നതിനു് പ്രത്യേക നിർദ്ദേശം ഉണ്ടോ ;

(ബി) അങ്ങനെ നിർദ്ദേശമുണ്ടെങ്കിൽ അങ്ങനെ പോയി പരിശോധിക്കുന്നുവോ എന്നു് ഡി. ഡബ്ലിയു. ഒ. അന്വേഷിക്കുന്നുണ്ടോ ;

(സി) ഡി. ഡബ്ലിയു. ഒ. മാർ പരിശോധിക്കാത്ത എത്ര സ്റ്റുളകം ഓരോ ഡിസ്ട്രിക്ടിലുമുണ്ടു് ?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു) :

(എ) ഉണ്ടു്.

(ബി) ഉണ്ടു്.

(സി) ഒന്നുമില്ല.

ധാതു ഖനന പരീക്ഷണം

* 724. [32] ശ്രീ. കെ. സി. ഏബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ധാതുഖനനപരീക്ഷണം നടത്തിയിട്ടുണ്ടോ ;

(ബി) എവിടെയെല്ലാം ധാതുദ്രവ്യങ്ങൾ ഉള്ളതായി കണ്ടുപിടിക്കപ്പെട്ടിട്ടുണ്ടു്.

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദര മേനോൻ) :

(എ) ഉണ്ടു്.

(ബി) വിവരങ്ങളടങ്ങിയ ലിസ്റ്റു് * മേശപ്പുറത്തു് വച്ചിട്ടുണ്ടു്.

ഗാന്ധിഗ്രാമിൽ പഠിക്കുന്ന മലയാളികുട്ടികൾ.

* 725. [33] ശ്രീ. കെ. ഹസ്സൻഗനി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മധുരയ്ക്കടുത്തുള്ള ഗാന്ധിഗ്രാമിൽ എത്ര മലയാളി കുട്ടികൾ വിവിധ ഡിപ്പാർട്ടുമെന്റുകളിലായി പഠിക്കുന്നുണ്ടു്;

* Appendix III

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഗ്രാമസേവക ടെയിനിംഗ് നൽകുന്നതിനു് ഓരോ കൊല്ലവും എത്ര പേരെവീതം ഗവണ്മെൻറു് തിരഞ്ഞെടുത്തു് അയയ്ക്കുന്നുണ്ടു്;

(സി) കേരളാ ഗവണ്മെൻറിൽനിന്നും എത്ര തുക കൊല്ലത്തിൽ ഗ്രാൻറായി നൽകുന്നു; ഇല്ലെങ്കിൽ കാരണമെന്തു്?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോരമേനോൻ) :

(എ) അറിവില്ല.

(ബി) മധുരയിലെ ഗാന്ധിഗ്രാമിലേക്കു് കേരളത്തിൽനിന്നും ഗ്രാമ സേവകന്മാരെ പരിശീലനത്തിനായി അയയ്ക്കുന്നില്ല. എന്നാൽ ഗ്രാമസേവക ന്മാക്കുള്ള റൂറൽ സയൻസു് കോഴ്സിനും, മുഖ്യസേവികമാക്കായുള്ള ജോബു് കോഴ്സിനും കൂടി സീറുകൾ കേരളത്തിനു് ലഭിക്കാവുള്ളതനുസരിച്ചു് ചിലരെ ഉപരിപഠനത്തിനായി അയച്ചിട്ടുണ്ടു്.

(സി) കേരളാ ഗവണ്മെൻറിൽനിന്നും കൊല്ലത്തിൽ ഗ്രാൻറായി യാതൊന്നും നൽകുന്നില്ല.

## ADJOURNMENT MOTION

9 A. M.] **Threatened strike of Primary School teachers**

**Mr. Speaker:** I have recived notice of a motion under Rule 49 from Shri P. Ramunni Kurup about the threatened strike of aided Primary School teachers. This matter has already been raised and discussed under Rule 61. It was also discussed at length during the discussion on the Education Demand. So I do not find there is need for a discussion under Rule 49. Hence I withhold consent to the moving of the motion.

## CALLING ATTENTION UNDER RULE 61

### Damage caused to houses of fisherfolk at Ponnani

**Mr. Speaker:** There is a notice under Rule 61 by Shri V. P. C. Thangal regarding the damage caused to the houses of fisherfolk at Ponnani. I call upon the Member to state the facts.

ശ്രീ. വി. പി. സി. തങ്ങൾ : സർ, അതിപ്രധാനമായ ഒരു സംഗതി ഗവണ്മെൻറിൻറേയും ബന്ധപ്പെട്ട മന്ത്രിയുടേയും ശ്രദ്ധയിൽപ്പെടുത്തുന്നതി നാണു് റൂൾ 61 അനുസരിച്ചു ഈ നോട്ടീസുകൊണ്ടു് ഞാൻ ഉദ്ദേശിക്കുന്നതു്. പൊന്നാനിയിലുള്ള പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ എത്രാനും വീടുകൾ കഴിഞ്ഞ ദിവസം കത്തി ചാമ്പലാകുകയും എത്രാനും വീടുകൾ പൊളിച്ചു മാറ്റുകയും ചെയ്തു. അതിൻറെ ഫലമായി അവർക്കു് ഏകദേശം ഇരുപതിനായിരത്തോളം ഉറുപ്പിയുടെ നഷ്ടം ഉണ്ടെന്നാണു് അവിടെനിന്നും എനിക്കു് കിട്ടിയ ഒരു കമ്പി സന്ദേശത്തിൽ പറഞ്ഞിരിക്കുന്നതു്. പൊന്നാനിയിൽ തീപിടുത്തം ഉണ്ടാകുന്നതു് പുത്തിരിയല്ല, സാധാരണ അവിടെ ഇങ്ങനെ സംഭവിക്കാറുണ്ടു്. സാധാരണ മഴ അവസാനിച്ചു് വേനൽക്കാലം ആരംഭിക്കുന്നതോടുകൂടി തീ പിടുത്തം ഉണ്ടാകാറുണ്ടു്. കഴിഞ്ഞ നവംബർ 1-ാം തീയതിക്കുശേഷം അവിടെ ഒരു തീപിടുത്തം ഉണ്ടായി. ഉദ്യോഗസ്ഥന്മാരുടെ ദൃഷ്ടിയിൽപ്പെടുത്തിയെങ്കിലും യാതൊരു സഹായവും ഉണ്ടായിട്ടില്ല. തീപിടുത്തംമൂലം വീടുകൾ കത്തിച്ചാമ്പലാകുന്നവർക്കു് മാത്രമേ ദുരിതാശ്വാസം ചെയ്യുകയുള്ളു. വീടുകൾ പൊളിച്ചു മാറുന്നവർക്കോ, മറ്റു വിധത്തിൽ വീടുകൾ നഷ്ടപ്പെടുന്നവർക്കോ യാതൊരുവിധത്തിലുള്ള സഹായവും നൽകാറില്ല. അവർക്കുകൂടി ആശ്വാസം നല്കേണ്ടതാണു്. 1961-62-ൽ ഏതാണ്ടു് മുപ്പത്തിരണ്ടോളം വീടുകൾ കത്തി നശിക്കുകയും അൻപതു് വീടുകളോളം പൊളിച്ചു മാറ്റുകയും ചെയ്തിട്ടുണ്ടു്. ആ സന്ദർഭത്തിൽ അവരെ സംബന്ധിച്ചിടത്തോളം ഗവണ്മെൻറു് ആവശ്യമായ

LIBRARY ARCHIVES Kerala Legislative Assembly